


# നീതിക്കായുള്ള സഹനം

വി.മോഹനൻ

അധിനിവേശത്തിനെതിരെയുള്ള ഐതിഹാസികമായ പ്ലാച്ചിമട സമരം 2000 ദിവസങ്ങൾ പൂർത്തിയാക്കുന്ന ദിവസം 'നീതിക്കായുള്ള സഹന'മെന്ന തന്റെ ശിലാശില്പം പ്ലാച്ചിമടയിലെ സമരഭൂമിയിൽ ആവേശത്തോടെ സഹനസമരം തുടരുന്നവർക്കായി സമർപ്പിച്ചതിന്റെ നിറവിലാണ് ശില്പി വി. മോഹനൻ. ശില്പത്തിന്റെ പൊരുളും കരിങ്കല്ലിൽ തീർത്ത ശില്പം കോഴിക്കോടുനിന്നും പ്ലാച്ചിമടയിലെത്തിച്ചതിന്റെ പിന്നിലെ യാത്രാനുഭവവും ശില്പി പങ്കുവെയ്ക്കുന്നു.

ശില്പത്തെക്കുറിച്ച് സംസാരിക്കേണ്ടത് ഞാനല്ല, ശില്പം തന്നെയാണ്. ചിത്രകാരനായ എന്റെ ആദ്യത്തെ ശില്പമാണിത്. ആദ്യശില്പം കരിങ്കല്ലിൽ തന്നെ ചെയ്യാൻ കഴിഞ്ഞതിൽ വളരെയധികം സന്തോഷമുണ്ട്. മനുഷ്യൻ എല്ലാകാലത്തും അനുഭവിക്കുന്ന കെടുതികളുടെ രൂപമാണ് എനിക്ക് കല്ലുകളിൽ കാണാൻ കഴിയുന്നത്. ആ രൂപങ്ങളെ കല്ലുകളിൽനിന്നും പുറത്തെടുക്കുക എന്ന ദൗത്യമാണ് ഈ ശില്പനിർമ്മാണത്തിൽ ഞാൻ നിർവ്വഹിച്ചിരിക്കുന്നത്. കഠിനമായ അസമത്വങ്ങൾക്ക് മുകളിൽ പണിത ലോകമാണ് നമ്മുടേത്. സമത്വം സ്ഥാപിച്ച് കിട്ടുന്നതിനുള്ള നിരന്തരമായ ശ്രമങ്ങൾ ഭൂമിയിൽ ഉണ്ടായിക്കൊണ്ടേയിരിക്കും. സമത്വത്തിന് വേണ്ടി നിലകൊണ്ടവരും സമരം ചെയ്തവരും അടങ്ങിയ മണ്ണിനുമുകളിലാണ് നമ്മൾ ചവിട്ടിനിൽക്കുന്നത്. ഈ ശില്പം ചെയ്യുമ്പോൾ മനസ്സിൽ നിരന്തരം കടന്നുവന്നുകൊണ്ടിരുന്ന ഒരു ചിന്തയാണിത്. അതിനാൽ ജീവിതം സമരമായിത്തീർന്ന എല്ലാ ജീവിതങ്ങൾക്കും വേണ്ടിയുള്ള ശില്പമാണിത്. അതോറിറ്റിയെ ശല്യം ചെയ്യുക എന്നത് എന്റെ ശീലമാണ്. ചിത്രങ്ങളിലൂടെ ഞാൻ ചെയ്തുകൊണ്ടിരിക്കുന്നത് ഇതുതന്നെയാണ്. സാമൂഹിക വിഷയങ്ങളെ ഞാൻ ചിത്രമായിത്തന്നെയാണ് കാണുന്നത്. വരകളും നിറവും നൽകി കടലാസിൽ അതിനെ പൂർണ്ണമാക്കുന്നുവെന്നേയുള്ളൂ. ഒരു അബ്സട്രാക്റ്റ് രൂപത്തിലാണ് ഞാൻ സംഭവങ്ങളെയെല്ലാം കാണുന്നത്. ചിത്രത്തിലും പ്രതിഫലിക്കുന്നത് അതുതന്നെയാണ്. സാന്ത്വനം തോന്നുന്ന, സാന്ത്വനത്തിന് വേണ്ടിയുള്ള ചിത്രങ്ങൾ ചെയ്യാനാണ് എനിക്കിപ്പോൾ താൽപര്യം. പാറ കൊത്തുന്നയാളാണ് ഈ ശില്പം ചെയ്തു തുടങ്ങുമ്പോൾ എനിക്ക് അനുഭവപ്പെട്ടത്. അപ്പോൾ ശില്പിയാണെന്ന യാഥാർത്ഥ്യം പലപ്പോഴും എന്നെ ശല്യപ്പെടുത്തിയിരുന്നു. കൊത്തിത്തുടങ്ങുമ്പോൾത്തന്നെ രൂപമായിരുന്നു മനസ്സിലുണ്ടായിരുന്നത്. പാറ വെറും പാറയായി തോന്നിയിരുന്നതേയില്ല. പാറ കൊത്തിമാറ്റുമ്പോഴുള്ള ആദ്യഗന്ധത്തിന്റെ അനുഭവം ഒരിക്കലും മറക്കാൻ കഴിയാത്തതാണ്. തീപ്പൊരി പാറി വീണ് പലപ്പോഴും പൊള്ളിയിട്ടുണ്ട്. കോൺക്രീറ്റിൽ കിട്ടാത്ത ആനന്ദമാണ് കല്ലിൽ ശില്പം ചെയ്യുമ്പോൾ ലഭിക്കുന്നത്. ഘടനകളുടെ ആഴത്തെക്കുറിച്ചുള്ള വ്യക്തമായ ധാരണ നമുക്ക് ലഭിക്കുന്നത് കല്ലിൽ ശില്പം ചെയ്യുമ്പോഴാണ്. ഇപ്പോൾ നമ്മുടെ പ്രമുഖ ശില്പികളിൽ പലരും ചെയ്യുന്നത് രൂപകല്പന വരച്ചുകൊടുക്കൽ മാത്രമാണ്. അതിനെ ത്രിമാന രൂപത്തിലേക്ക് മാറ്റുന്നത് മറ്റ് ജീവനക്കാരായിരിക്കും. അതൊരു കൂട്ടായ പ്രവർത്തനമാണ്. അവിടെ ശില്പി ചെയ്യുന്നത് ആ ശില്പത്തിന്റെ ലൈൻ ഡ്രോയിംഗ് വരയ്ക്കുന്ന പണി മാത്രമാണ്. അയാളുടെ സഹപ്രവർത്തകർ കോൺക്രീറ്റിലും കല്ലിലുമൊക്കെ പണിയെടുത്ത് അതിന് പൂർണ്ണരൂപം നൽകുന്നു. പക്ഷെ ശില്പത്തിന്റെ മുഴുവൻ ക്രെഡിറ്റും പോകുന്നത് പണിയെടുക്കാത്ത ശില്പിക്കാണ്. ഈ രീതി തുടരരുതെന്ന ആഗ്രഹം എനിക്കുണ്ടായിരുന്നു. ഈ ശില്പം പൂർണ്ണമായും ഞാൻ തന്നെയാണ് ചെയ്തത്. ഒരാളെയും ഞാൻ ഉളി തൊടീച്ചിട്ടില്ല. മുൻകൂട്ടി സ്കെച്ച് ചെയ്തുമല്ല ഇതിന്റെ പണി തുടങ്ങിയത്. അക്കാദമിക് പഠനങ്ങളില്ലാത്തതിന്റെ സ്വാതന്ത്ര്യമായിരുന്നു എനിക്ക് മുതൽക്കൂട്ടായത്. നമ്മൾ അക്കാദമിക്കായാൽ പിന്നെ ഗുരുത്വപ്പിഴകളും നിഷേധിക്കലുമൊക്കെ വരും. എനിക്ക് അതിന്റെയൊന്നും ആവശ്യം വന്നില്ല.

ബ്രഹ്മപുത്രന്റെ അഭിപ്രായ പ്രകാരമാണ് ശില്പം പ്ലാച്ചിമടയിലെത്തിച്ചത്. കോഴിക്കോട് ടൗണിൽ സ്ഥാപിക്കണമെന്നായിരുന്നു എന്റെ ആഗ്രഹം. നമ്മൾ ഒരിക്കൽ മാത്രമെ ഇതുവഴി വരുന്നുവെങ്കിലും നമ്മുടെ സഹജീവികൾക്ക് വേണ്ടത് കരുതിവെയ്ക്കണമെന്ന തോന്നലാണ് പ്ലാച്ചിമടയിലേക്ക് ശില്പം കൊണ്ടുവരാൻ എന്നെ പ്രേരിപ്പിച്ചത്. കരിങ്കല്ലിന്റെ ഭാരം കാരണം വലിയ ക്രെയിൻ കൊണ്ടുവന്നാണ് വീട്ടിൽനിന്നും ശില്പമെടുത്തതും പ്ലാച്ചിമടയിൽ സ്ഥാപിച്ചതും. മെയിൻറോഡിലൂടെ ശില്പവുമായി ലോറിയിലുള്ള യാത്ര വലിയ അനുഭവമായിരുന്നു. പ്ലാച്ചിമടയിൽ പ്രശ്നങ്ങളെല്ലാമൊതുങ്ങി എന്ന് ധരിച്ചിരുന്നവർക്ക് ഒരു ഓർമ്മപ്പെടുത്തൽ കൂടിയായി ശില്പത്തിന്റെ യാത്ര. നാം ചവിട്ടിനിൽക്കുന്ന ഈ മണ്ണിൽ ജീവിക്കാനായുള്ള അവകാശത്തിനായി സമരം ചെയ്ത് പൊരുതിവീണ എല്ലാവർക്കും വേണ്ടി എന്റെ ശില്പം ഞാൻ സമർപ്പിക്കുന്നു.

*മോഹനൻ വി., വടക്കില്ലം, കൊക്കല്ലൂർ പി.ഒ., ബാലുശ്ശേരി-673 612*
*vmohanan_mary@yahoo.com*